**അബ്ദുർറഹ്മാൻ കൊടിയത്തൂർ**

# മൗലാനാ മൗദൂദി: സുന്നത്തിന്റെ സംരക്ഷകൻ

**ആധുനികയുഗം** ഇസ്‌ലാമിനെതിരെ ഉയർത്തുന്ന വെല്ലുവിളികളെ സമർഥമായി ചെറുക്കുകയും ഇസ്‌ലാമിന്റെ മഹത്വം ഉയർത്തിപ്പിടിക്കുകയും ചെയ്ത നവോത്ഥാനത്തിന്റെ ധൈഷണികാചാര്യനായിരുന്നു മൗലാനാ അബുൽ അഅ്‌ലാ മൗദൂദി. ഓറിയന്റലിസ്റ്റുകളും മോഡേണിസ്റ്റുകളും സുന്നത്തിനെതിരെ ഉയർത്തിയ ആരോപണങ്ങളെ യുക്തമായി ഖണ്ഡിച്ചുകൊണ്ട് ഹദീസ്‌സംരക്ഷണത്തിനായി മൗദൂദി ചെയ്ത സേവനങ്ങൾ മറ്റൊരു പണ്ഡിതന്നും സാധിച്ചിട്ടില്ലാത്തത്ര മഹത്തരമാണ്. ഇതിനായി അദ്ദേഹം രചിച്ച പ്രാമാണികകൃതിയാണ് *സുന്നത്ത് കീ ആയീനി ഹൈസിയത്* (നബിചര്യയുടെ നിയമപരമായ നില). നബിചര്യയുടെ നിയമപരമായ പ്രാമാണികത്വം ചോദ്യം ചെയ്യുന്നവർക്ക് യുക്തിയുക്തം മറുപടി പറയുന്നു ഈ ബൃഹദ്ഗ്രന്ഥം. തഫ്ഹീമുൽ ഖുർആനിൽ വിവിധ സന്ദർഭങ്ങളിൽ കൊടുത്ത വിശദീകരണക്കുറിപ്പുകളിലും ഈ വിഷയം അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്.

ഇസ്‌ലാമിക ചരിത്രത്തിൽ മുമ്പും സുന്നത്ത് നിഷേധം ഉണ്ടായിട്ടുണ്ട്. ഹിജ്റ രണ്ടാം ശതകത്തിൽ ഖവാരിജുകളും മുഅ്തസിലികളും ഈ വാദം ഉന്നയിച്ചിരുന്നു. അക്കാലത്തെ പണ്ഡിതന്മാർ ഈ വാദങ്ങളെ ഖണ്ഡിക്കുകയും സുന്നത്ത് നിഷേധ പ്രവണത ചെറുക്കുകയും ചെയ്തു.

### സുന്നത്ത് നിഷേധം സമകാലിക യുഗത്തിൽ

പത്തൊമ്പതാം നൂറ്റാണ്ടിൽ ഇറാഖിലാണ് ഈ വാദഗതി ആദ്യമായി ഉടലെടുത്തത്. അത് വളരെവേഗം ഇന്ത്യാ ഉപഭൂഖണ്ഡത്തിലേക്ക് കടന്നുവരികയും സർ സയ്യിദ് അഹ്മദ്ഖാൻ, മൗലവി ചിറാഗ് അലി തുടങ്ങിയവർ ഇതിന്റെ സ്വാധീനവലയത്തിൽ പെടുകയും ചെയ്തു.

ഇരുപതാം നൂറ്റാണ്ടിൽ ഇതിനെ ഒരു പ്രസ്ഥാനമാക്കി മാറ്റിയ ആളാണ് ഗുലാം അഹ്മദ് പർവേസ്. ആധുനിക സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ മറ്റൊരു പതിപ്പാണ് അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഇസ്‌ലാം. തന്റെ വാദങ്ങൾ സമർഥിച്ചുകൊണ്ട് അദ്ദേഹം ചില ഗ്രന്ഥങ്ങൾ രചിക്കുകയും *തുലൂഎ ഇസ്‌ലാം* (ഇസ്‌ലാമിന്റെ ഉദയം) എന്ന മാസിക പ്രസിദ്ധീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഖുർആൻ വ്യാഖ്യാനമാണ് *മആരിഫുൽ ഖുർആൻ*. തന്റെ ആശയങ്ങൾ വിശദീകരിക്കുന്ന ബൃഹദ്കൃതിയാണ് *നിസാമെ റുബൂബിയത്ത്* (ദൈവത്തിന്റെ ലോകപരിപാലന വ്യവസ്ഥ).



*മൗലാനാ മൗദൂദി*

പാകിസ്താനിലെ അയ്യൂബ്ഖാൻ ഗവൺമെന്റ് പർവീസിയൻ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാടെടുത്തു. ഗുലാം അഹ്മദാകട്ടെ അയ്യൂബ്ഖാനെ 'മർകസെ മില്ലത്ത്' (സമുദായത്തിന്റെ കേന്ദ്രം) എന്ന് വിശേഷിപ്പിച്ചു.

'വിശുദ്ധ ഖുർആന്ന് പ്രവാചകൻ നൽകിയ വ്യാഖ്യാനവും അദ്ദേഹത്തിന്റെ വചനങ്ങളും അദ്ദേഹം ജീവിച്ചിരുന്ന

സമൂഹത്തിന് മാത്രമേ ബാധകമാകൂ. ആധുനിക കാലഘട്ടത്തിൽ ജീവിക്കുന്നവർക്ക് മാർഗദർശനത്തിന് ഖുർആൻ മാത്രം മതി. ഹദീസ് ശേഖരങ്ങൾ അനാവശ്യവും അധികപ്പറ്റുമാണ്' ഇതായിരുന്നു 'മുൻകിറുൽ ഹദീസു' (ഹദീസ് നിഷേധ പ്രസ്ഥാനം) കാരുടെ വാദം.

പാശ്ചാത്യ ചിന്താഗതിക്കാരായ പലരേയും ഈ ആശയം വളരെ വേഗം സ്വാധീനിച്ചു. പടിഞ്ഞാറ് അഭികാമ്യമായി കരുതുന്നതും സുന്നത്തിൽ നിഷിദ്ധവുമായ പല കാര്യങ്ങളും ഇസ്‌ലാമിന്റെ പേരിൽ അവർ അനുവദിച്ചു. മറുഭാഗത്ത് ഇസ്‌ലാമിലെ പല അനുവദനീയങ്ങളും അവർ നിഷിദ്ധമാക്കി. സ്വകാര്യസ്വത്തുടമാവകാശം നിഷിദ്ധമായിരിക്കെ പിന്തുടർച്ചാവകാശം, വസിയത്ത് എന്നിവക്ക് പ്രസക്തിയില്ല എന്ന വാദം വിശുദ്ധ ഖുർആന് പോലും എതിരായിരുന്നു. പ്രസ്തുത പദ്ധതികൾ ആ കാലഘട്ടത്തിലേക്കുള്ളതാണ്. അതായത്, പൂർണമായ ഇസ്‌ലാമിക വ്യവസ്ഥ (നിളാമെ റുബൂബിയത്ത്) നടപ്പാവും വരെ മാത്രം എന്നായിരുന്നു ഗുലാം അഹ്മദ് സിദ്ധാന്തിച്ചത്. അദ്ദേഹം എഴുതി:

"ഇനി സ്വകാര്യ ഉടമാവകാശത്തിന്റെ പരിശുദ്ധി പരിശോധിക്കുക. ഈ സങ്കൽപം പാശ്ചാത്യദാർശനികന്മാരും സാമ്പത്തിക മാർഗദർശകരും സൃഷ്ടിച്ചതാണ്. അതാണ് മുതലാളിത്ത വ്യവസ്ഥയുടെ അടിസ്ഥാനവും. ബോഡിൻ, ഹോബ്സ്, വോൾട്ടയർ, ഹ്യൂ തുടങ്ങിയവർ ആ കൂട്ടത്തിൽ പെടുന്നു. സ്വകാര്യ ഉടമാവകാശത്തെ ഇക്കൂട്ടർ മനുഷ്യന്റെ പ്രകൃതിപരമായ അവകാശങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയത്. അതിന്റെ സംരക്ഷണം ഗവൺമെന്റിന്റെ കർത്തവ്യമത്രെ."

"എന്നാൽ ഖുർആൻ നോക്കുക. പ്രവാചകന്മാരുടെ ജീവിതശൈലിയെ മാനവരാശിയുടെ വഴികാട്ടിയായി ഖുർആൻ അവതരിപ്പിക്കുന്നു. എന്നാൽ ഏതെങ്കിലുമൊരു പ്രവാചകന്റെ സ്വകാര്യസ്വത്തിനെപ്പറ്റി ഖുർആൻ പറയുന്നില്ല. അന്ത്യപ്രവാചകനെ സംബന്ധിച്ചാകട്ടെ എല്ലാവർക്കും സുസമ്മതമായ ഒരു യാഥാർഥ്യമുണ്ട്. നിത്യവൃത്തിക്കുള്ള വകയല്ലാതെ യാതൊരു സ്വകാര്യസ്വത്തും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഖുർആന്റെ തത്വവുമായി യോജിക്കുന്നതും അതിനാൽ തന്നെ സ്വകാര്യവുമായ ഒരു വചനം പ്രവാചകനിൽനിന്ന് ഉദ്ധരിക്കപ്പെട്ടിരിക്കുന്നു." "ഞങ്ങൾ (പ്രവാചകന്മാർ) വിട്ടേച്ചുപോകുന്ന സ്വത്തിന് പിന്തുടർച്ചാവകാശിയില്ല. അത് മുഴുവൻ സ്വദഖ അഥവാ പൊതുസ്വത്ത് ആകുന്നു" (ബുഖാരി). ഈ തത്ത്വമനുസരിച്ച് (നബിയുടെ സ്വന്തം ആവശ്യത്തിന് ഉപയോഗിച്ചിരുന്ന) ഫദക് തോട്ടം പിന്തുടർച്ചാവകാശികൾക്ക് നൽകാതെ സമുദായത്തിന്റെ പൊതുസ്വത്തായി നിലനിർത്തുകയാണുണ്ടായത്."

**മൗലാനാ മൗദൂദിയുടെ പ്രവർത്തനഫലമായി സുന്നത്ത് നിഷേധികളെ തടയിടാൻ വലിയൊരു പരിധിവരെ സാധിച്ചു. ഉദാഹരണമായി, പാകിസ്താനിലെ പഞ്ചാബ് ഹൈക്കോടതി, സുന്നത്തിന്റെ പ്രാമാണികതയെ നിരാകരിക്കുന്ന ഒരു വിധി പുറപ്പെടുവിച്ചപ്പോൾ മൗലാനാ അതിനെ ശക്തമായി എതിർത്തുകൊണ്ട് ലേഖനം പ്രസിദ്ധീകരിച്ചു. അത് അക്കാദമികകേന്ദ്രങ്ങളിൽ ചർച്ചാവിഷയമാവുകയും കോടതിക്ക് വിധി തിരുത്തേണ്ടിവരുകയും ചെയ്തു. 1956, 1963, 1973 വർഷങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ട പാകിസ്താൻ ഭരണഘടനയിൽ സുന്നത്തിനെ ആധികാരിക സ്രോതസ്സായി ഉൾപ്പെടുത്തിയതിൽ മൗലാനാ മൗദൂദിയുടെ ശ്രമങ്ങൾക്ക് അനൽപമായ പങ്കുണ്ട്.**

''അപ്പോൾ ഒരു ചോദ്യമുത്ഭവിക്കുന്നു. ഇസ്‌ലാമിൽ സ്വകാര്യ ഉടമാവകാശമില്ലെങ്കിൽ പിന്തുടർച്ചാവകാശനിയമം ഖുർആനിൽ വിവരിച്ചതെന്തിനാണ്? അതിന്റെ മറുപടി ഇതത്രെ: 'ഖുർആൻ മനുഷ്യസമൂഹത്തിന് നിർണയിച്ചുകൊടുത്ത പ്രോഗ്രാം അന്തിമലക്ഷ്യത്തിലെത്തുന്നത് ക്രമപ്രവൃദ്ധമായിട്ടായിരിക്കും. അതിനാൽ ആ പ്രോഗ്രാമിന്റെ അന്തിമഘട്ടത്തിലെ നിയമങ്ങളും തത്ത്വങ്ങളും നിർണയിച്ചപ്പോൾ തന്നെ ഇടക്കാലഘട്ടത്തിന് വേണ്ട നിയമങ്ങളും നിശ്ചയിച്ചുകൊടുത്തു. പിന്തുടർച്ചാവകാശം, കടം, ക്രയവിക്രയം, ദാനധർമങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച വിധികൾ ഇടക്കാലഘട്ടത്തിനുള്ളവയത്രെ. ഈഘട്ടം തരണം ചെയ്തുവേണം സമൂഹത്തിന് അന്തിമ ലക്ഷ്യത്തിലെത്താൻ.'' (നിസാമെ റുബൂബിയത്ത്, മുഖവുര. പേജ്: 24,25)

ഗുലാം അഹ്മദ് പർവേസ് തുടർന്നെഴുതുന്നു: "പൊതുവേ പറയും പ്രകാരം നമ്മുടെ വശമുള്ള റിപ്പോർട്ട്കൃതികളും (ഹദീസ് ഗ്രന്ഥങ്ങൾ) നബിചരിത്രഗ്രന്ഥങ്ങളും പറയുന്നതാണ് ശരിയെന്ന് ആദ്യമായി അംഗീകരിക്കുകയും അനന്തരം അതിനൊപ്പിച്ച് ഖുർആൻ വ്യാഖ്യാനിക്കുകയും ചെയ്യുകയെന്നത് പ്രത്യക്ഷത്തിൽ തന്നെ തെറ്റായിരിക്കും. എന്തുകൊണ്ടെന്നാൽ ചരിത്രം ഏത് നിലക്കും അനുമാനാധിഷ്ഠിതമാകുന്നു. ഖുർആനാകട്ടെ ദൃഢവിശ്വാസയോഗ്യവും. അനുമാനാധിഷ്ഠിതമായതിനെ വിശ്വാസയോഗ്യമായതിന്റെ വെളിച്ചത്തിലാണ് പരിശോധിക്കേണ്ടത്. മറിച്ച്, സുദൃഢവും വിശ്വസ്തവുമായ ഒന്നിനെ അവാസ്തവമാവാൻ സാധ്യതയുള്ള ഒന്നിന്റെ പിൻഗാമിയാക്കുകയല്ല വേണ്ടത്."

"നമ്മുടെ ചരിത്രം (ഹദീസ്ഗ്രന്ഥവും പ്രവാചകചരിത്രവും ഉൾപ്പെടെ) ക്രോഡീകൃതമായത് ഈ സമൂഹം ഖുർആനിക ലൈനിൽനിന്നും പ്രവാചകമാർഗത്തിൽനിന്നും വ്യതിചലിച്ച് സ്വാർഥപൂജകരെ അനുഗമിച്ചിരുന്ന ഒരു ഘട്ടത്തിലായിരുന്നു. അഥവാ ഖിലാഫത്തിന്റെ സ്ഥാനം മുലൂകിയത്ത് (രാജവാഴ്ച) പിടിച്ചുപറ്റിയ സന്ദർഭത്തിൽ. ഓരോ ജീവിതശാഖയുടെ മേലും അധികാരപ്രമത്തർ വാഴ്ചനടത്തുന്ന അവസരത്തിൽ. രാജാധികാരവും മുതലാളിത്തവും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. ഇങ്ങനെയുള്ള പരിതാവസ്ഥയിൽ ക്രോഡീകരിക്കപ്പെട്ട ചരിത്രത്തിൽനിന്ന് പ്രവാചകപുംഗവന്റെ ശരിയായ ഇസ്‌ലാമിക ജീവിത ചിത്രം എങ്ങനെ ലഭിക്കാനാണ്?" (Ibid പേജ്: 44)

ഗുലാം അഹ്മദിന്റെ ഈ ചിന്താരീതി അഭ്യസ്തവിദ്യരെയും ബുദ്ധിജീവികളെയും ഏറെ ആകർഷിച്ചു. മതപണ്ഡിതന്മാർ അദ്ദേഹത്തെയും അനുയായികളെയും മതഭ്രഷ്ടരെന്ന്

ഫത്‌വ പുറത്തിറക്കി.

തികച്ചും അപകടകരമായ ഈ ആശയം ഇസ്‌ലാമിന്റെ അടിത്തറ തകർക്കുമെന്ന തിരിച്ചറിവാണ് മൗലാനാ മൗദൂദിയെ ഈ വെല്ലുവിളി സ്വീകരിക്കാൻ പ്രേരിപ്പിച്ചത്. മുസ്‌ലിം സമൂഹത്തിന്റെ നിലനിൽപിനും മാർഗദർശനത്തിനുമുള്ള രണ്ടാമത്തെ അടിസ്ഥാനം നബിചര്യയാണെന്നും ഖുർആനും സുന്നത്തും ആത്മാവും ശരീരവും പോലെയാണെന്നും പ്രമാണങ്ങളുടെ പിൻബലത്തോടെ അദ്ദേഹം സമർഥിച്ചു. ഖുർആൻ തത്ത്വങ്ങൾ നൽകുന്നു. അവയെ വിശദീകരിക്കുന്നതും പ്രായോഗികരൂപം നൽകുന്നതും സുന്നത്താണ്. ഖുർആൻ പിൻപറ്റുകയെന്നാൽ നബിചര്യയെ പിൻപറ്റുകയെന്നതുകൂടിയാണ്. കാരണം, അല്ലാഹുവിനെ അനുസരിക്കാൻ കൽപിക്കുന്നതോടൊപ്പംതന്നെ നബിതിരുമേനിയെ അനുധാവനം ചെയ്യാനും ഖുർആൻ ഉദ്ബോധിപ്പിക്കുന്നു.

## നബിചര്യയുടെ പ്രാമാണികത

1961 സെപ്റ്റംബറിൽ മൗലാനാ മൗദൂദി തർജുമാനുൽ ഖുർആന്റെ ഒരു വിശേഷാൽ പതിപ്പ്, *മൻസബെ രിസാലത്ത് നമ്പർ* (പ്രവാചകത്വ പദവി സ്പെഷ്യൽ) എന്ന പേരിൽ പ്രസിദ്ധീകരിച്ചു. അച്ചടിച്ച ഇരുപതിനായിരം കോപ്പികൾ തികയാതെ വന്നപ്പോൾ അത് പിന്നീട് *സുന്നത്ത് കീ ആയീനി ഹൈസിയത്* എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചു. നബിചര്യയുടെ നിയമപരമായ പ്രാമാണികത്വം ചോദ്യംചെയ്യുന്നവർക്ക് യുക്തിപൂർവകമായ മറുപടിയാണ് ഈ ഗ്രന്ഥം.

ദിവ്യവെളിപാടുകൾ പ്രത്യക്ഷം പരോക്ഷം എന്നിങ്ങനെ രണ്ട് തരമുണ്ടെന്ന് അദ്ദേഹം സമർഥിക്കുന്നു. അല്ലാഹുവിൽനിന്ന് നേരിട്ട് ലഭിക്കുന്നതാണ് പ്രത്യക്ഷ വെളിപാട്. സുന്നത്താകട്ടെ പരോക്ഷമാണ്. അതായത്, ദൈവത്തിന്റെ ആശയങ്ങൾ പ്രവാചകന്റെ ഭാഷയിൽ വെളിപ്പെടുന്നത്. അവ പ്രവാചകന്റെ സ്വന്തം ആശയങ്ങളല്ല എന്ന് ഖുർആൻ വ്യക്തമാക്കുന്നു (അന്നജ്മ്: 3,4).

നബിതിരുമേനിയുടെ നിയമനിർമാണാവകാശം ഖുർആന്റെ വെളിച്ചത്തിൽതന്നെ അദ്ദേഹം സമർഥിച്ചു: "ഖുർആൻ നബി(സ)യെ വിശേഷിപ്പിക്കുന്നതിങ്ങനെ: 'നല്ലതിനെ അനുവദനീയവും ചീത്ത വസ്തുക്കളെ നിഷിദ്ധവും ആക്കുന്നവനാണദ്ദേഹം' (അൽ അഅ്റാഫ്: 157). അതിനാൽ നബിതിരുമേനിക്ക് നിയമനിർമാണാധികാരമുണ്ടെന്ന് സുതരാം വ്യക്തമാകുന്നു. അല്ലാഹു നബിതിരുമേനിയെ നിയോഗിച്ചത് അധ്യാപകനും ശിക്ഷകനും ആചാര്യനും നേതാവും ദൈവികവചനങ്ങളുടെ വ്യാഖ്യാതാവും നിയമനിർമാതാവും ന്യായാധിപനും ഭരണകർത്താവുമെല്ലാമായാണ്. ആ നിലകളിലെല്ലാം പ്രവാചകൻ പ്രവർത്തിച്ചു മാതൃക കാണിച്ചിട്ടുമുണ്ടെന്നതിന് ചരിത്രം സാക്ഷിയുമാണ്. ഇക്കാര്യത്തിൽ മുസ്‌ലിംകൾക്കിടയിൽ പക്ഷാന്തരമില്ല. ആകയാൽ പ്രവാചകൻ പ്രവർത്തിച്ചിട്ടുള്ളതെല്ലാം ഇസ്‌ലാമിൽ ഖുർആന്റെ ശേഷം രണ്ടാമത്തെ നിയമപ്രമാണമത്രെ". (*സുന്നത്ത് കീ ആയീനി ഹൈസിയത്* പേജ്: 234)

## അനുഷ്ഠാന കർമങ്ങളും നബിചര്യയും

കർമശാസ്ത്രകാര്യങ്ങളിൽ വിശുദ്ധ ഖുർആനിലെ തത്ത്വങ്ങൾക്ക് വിശദീകരണവും പ്രായോഗിക രൂപവും നൽകുന്നത് സുന്നത്താണെന്നും അതിന്റെ അഭാവത്തിൽ അനുഷ്ഠാനങ്ങൾ അപൂർണമോ പലപ്പോഴും അസാധ്യമോ ആവുമെന്നും മൗലാനാ മൗദൂദി സലക്ഷ്യം തെളിയിക്കുന്നു. ഇത്തരം തെളിവുകളുടെ വെളിച്ചത്തിൽ ഹദീസ് നിഷേധികളെ അദ്ദേഹം കണക്കിന് കളിയാക്കുന്നു. നമസ്കാര സമയം നിർണയിക്കുന്നതുമായി ബന്ധപ്പെട്ട സൂക്തത്തെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം തഫ്ഹീമുൽ ഖുർആനിൽ എഴുതി:

"വിശുദ്ധഖുർആൻ വ്യത്യസ്ത സന്ദർഭങ്ങളിലായി, ലോക മുസ്‌ലിംകൾ ഇന്ന് പാലിച്ചുവരുന്ന നമസ്കാരത്തിന്റെ അഞ്ചുസമയങ്ങളും സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഈ സൂക്തങ്ങൾ വായിച്ചത് കൊണ്ടുമാത്രം നമുക്ക് നമസ്കാരസമയങ്ങൾ നിർണയിക്കാൻ കഴിയില്ല, ഖുർആൻ പഠിപ്പിക്കുവാൻ അല്ലാഹു നിയോഗിച്ചയച്ച മുഹമ്മദ് നബി(സ) തന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും അതിലേക്ക് മാർഗദർശനം ചെയ്തിട്ടില്ലായിരുന്നെങ്കിൽ."

"ഇവിടെ ഹദീസ്നിഷേധികളുടെ ധാർഷ്ട്യത്തെക്കുറിച്ച് അൽപം ചിന്തിക്കേണ്ടതുണ്ട്. അവർ നമസ്കാര നിർവഹണത്തെ പരിഹസിക്കുന്നു. "ഇന്ന് മുസ്‌ലിംകൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന നമസ്കാരം ഖുർആൻ കൽപിച്ച സംഗതിയേയല്ല. ഖുർആൻ 'ഇഖാമതുസ്വലാത്ത്' കൽപിക്കുന്നുണ്ട്. എന്നാൽ അതുകൊണ്ടുദ്ദേശ്യം നമസ്കരിക്കലല്ല. മറിച്ച് റുബൂബിയത്ത് വ്യവസ്ഥിതി സ്ഥാപിക്കലാണ് എന്നവർ പറയുന്നു. അവരോട് ചോദിച്ചുനോക്കുക. സൂര്യോദയത്തിന് മുമ്പോ അല്ലെങ്കിൽ മധ്യാഹ്നത്തിന് ശേഷം കുറെ രാച്ചെല്ലുന്നത് വരെയോ സ്ഥാപിക്കപ്പെടുന്ന ആ റുബൂബിയത്ത് എത്ര വിചിത്രമായിരിക്കും? വെള്ളിയാഴ്ച പ്രത്യേകമായി സ്ഥാപിക്കാനാവശ്യപ്പെട്ട ആ വ്യവസ്ഥിതി എങ്ങനെയുള്ളതായിരിക്കും? ഇതെന്തുതരം റുബൂബിയത്താണ്, അത് സ്ഥാപിക്കാനൊരുങ്ങുന്നവൻ ആദ്യം മുഖവും കൈകൾ മുട്ടോളവും കാലുകൾ ഞെരിയാണിയോളവും കഴുകുകയും തല തടവുകയും ചെയ്ത ശേഷം സ്ഥാപിക്കേണ്ടതും അല്ലാത്തപക്ഷം സ്ഥാപിക്കാൻ കഴിയാത്തതും? അതേപോലെ ജനാബത്തുള്ളവന് കുളിക്കാതെ സ്ഥാപിക്കാനാവാത്തത് എന്ത് സവിശേഷ റുബൂബിയത്ത് വ്യവസ്ഥിതിയാണ്? സ്ത്രീസംസർഗത്തിന് ശേഷം വെള്ളംകിട്ടാതെവന്ന മനുഷ്യന് ഈ വ്യവസ്ഥിതി സ്ഥാപിക്കണമെങ്കിൽ ശുദ്ധമായ മണ്ണുകൊണ്ട് മുഖവും കൈകളും തടവണമെന്നതിന്റെ അർഥമെന്താണ്?"

"ഇനിയും യാത്രക്കാരനാണെങ്കിൽ അത് മുഴുവൻ സ്ഥാപിക്കാതെ പകുതി മാത്രം സ്ഥാപിച്ചാൽ മതിയെന്ന് പറയുന്ന ഈ റുബൂബിയത്ത് അതിശയകരമല്ലോ? നോക്കൂ എന്തൊരുതമാശയാണിത്! യുദ്ധവേളയിൽ സൈന്യത്തിലെ പകുതി ഭടന്മാർ ആയുധമണിഞ്ഞ് ഇമാമിന്റെ പിന്നിൽനിന്ന് റുബൂബിയത്ത് സ്ഥാപിക്കുക, പകുതി ഭടന്മാർ ജാഗ്രതയോടെ ശത്രുക്കളെ നേരിടുകയും ചെയ്യുക. അനന്തരം ഒന്നാം വിഭാഗം ഇമാമിന്റെ പിന്നിൽ റുബൂബിയത്ത് വ്യവസ്ഥ സ്ഥാപിച്ചുകൊണ്ട് ഒരു സുജൂദ് ചെയ്തശേഷം എഴുന്നേറ്റ് ശത്രുക്കളെ നേരിടാൻ പോവുകയും രണ്ടാം വിഭാഗം തൽസ്ഥാനത്ത് വന്ന് ഇമാമിന്റെ പിന്നിൽ റുബൂബിയത്ത് സ്ഥാപിക്കുകയും ചെയ്യുക! (നമസ്കാരവുമായി ബന്ധപ്പെട്ട ഈ കാര്യങ്ങളെല്ലാം ഖുർആൻ വ്യക്തമായി പറഞ്ഞതാണ്.)"

"ലോകത്തെങ്ങുമുള്ള മുസ്‌ലിംകൾ നമസ്കാരം നിർവഹിച്ചു നിലനിർത്തുക എന്നത് തന്നെയാണ് ഇഖാമത്തുസ്സ്വലാത്തിന്റെ വിവക്ഷയെന്ന് വിശുദ്ധഖുർആനിലെ ഈ സൂക്തങ്ങളൊക്കെയും വ്യക്തമായി വിളിച്ചോതുന്നു. എന്നാൽ ഹദീസ് നിഷേധികൾ സ്വയം മാറുന്നതിന് പകരം ഖുർആനെ മാറ്റാനാണ് ശ്രമിക്കുന്നത്. അല്ലാഹുവിനെ ഒട്ടും ഭയമില്ലാത്ത ഒരാൾക്കല്ലാതെ അവന്റെ വചനങ്ങളെ ഇക്കൂട്ടർ പരിഹസിക്കുന്നത് പോലെ പരിഹസിക്കാനാവില്ല എന്നതാണ് യാഥാർഥ്യം. അല്ലെങ്കിൽ ഖുർആൻകൊണ്ട് ഈവിധം കളിക്കാൻ കഴിയുക, അത് അല്ലാഹുവിന്റെ വചനമാണെന്ന് മനസ്സുകൊണ്ട് അംഗീകരിക്കാതെ കേവലം വഞ്ചനാപരമായി ഖുർആൻ ഖുർആൻ എന്ന് വിളിച്ചുകൂവി മുസ്‌ലിംകളെ വഴിപിഴപ്പിക്കാൻ ഉദ്ദേശിക്കുന്നവർക്കാണ്" (മൂന്നാംവാള്യം-അർറൂം 24-ാം വ്യാഖ്യാനക്കുറിപ്പ്).

സുന്നത്ത്നിഷേധികളായ പർവേസിയൻ ചിന്താഗതിക്കാർക്ക് അതിശക്തമായ പ്രഹരമാണ് മൗലാനാ മൗദൂദി ഈ വരികളിലൂടെ ഏൽപിച്ചത്.

മൗലാനാ മൗദൂദി വീണ്ടും: "പ്രവാചകചര്യക്ക് മതത്തിൽ നിയമപ്രാമാണികതയും മതപരമായ വിധിവിലക്കുകളിൽ സ്വാധീനവും ഇല്ലെങ്കിൽ തന്നിൽനിന്നെന്ന വ്യാജേന കള്ളറിപ്പോർട്ടുകൾ ഉദ്ധരിക്കുന്നവർക്ക് കടുത്ത ദൈവികശിക്ഷയുണ്ടെന്ന് അദ്ദേഹം താക്കീത് ചെയ്തതിന്റെ പൊരുളെന്താണ്? രാജാക്കന്മാരെയും പ്രഭുക്കന്മാരെയും സംബന്ധിച്ച എത്രയെത്ര കള്ളങ്ങളാണ് നാം ചരിത്ര താളുകളിൽ കാണുന്നത്! എന്നാൽ അവയൊന്നും മതവിധികളെ സ്വാധീനിക്കുന്നില്ല. പ്രവാചകചര്യയുടെ നിലപാടും അത്തരത്തിലായിരുന്നുവെങ്കിൽ അവ റിപ്പോർട്ട് ചെയ്യുന്നതിന്റെ പേരിൽ കടുത്ത ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്തത് എന്തിനായിരിക്കും?" (*സുന്നത്ത് കീ ആയീനി ഹൈസിയത്*, പേജ്: 334)

പ്രവാചകന്റെ പേരിൽ കള്ളറിപ്പോർട്ടുകൾ പ്രചരിപ്പിക്കുമ്പോൾ തദടിസ്ഥാനത്തിൽ ചില കാര്യങ്ങൾ അനുവദനീയമെന്നോ നിഷിദ്ധമെന്നോ വരാനിടയുണ്ട്. അതാണ് കള്ളറിപ്പോർട്ടുദ്ധരിക്കുന്നതിനെ മതം കർശനമായി തടഞ്ഞത്. പ്രവാചകചര്യക്ക് നിയമപ്രാമാണികതയില്ലായിരുന്നുവെങ്കിൽ ഈ അവസ്ഥ വരില്ലായിരുന്നുവെന്ന് ചുരുക്കം.

മൗലാനാ മൗദൂദിയുടെ പ്രവർത്തനഫലമായി സുന്നത്ത് നിഷേധികളെ തടയിടാൻ വലിയൊരു പരിധിവരെ സാധിച്ചു. ഉദാഹരണമായി, പാകിസ്താനിലെ പഞ്ചാബ് ഹൈക്കോടതി, സുന്നത്തിന്റെ പ്രാമാണികതയെ നിരാകരിക്കുന്ന ഒരു വിധി പുറപ്പെടുവിച്ചപ്പോൾ മൗലാനാ അതിനെ ശക്തമായി എതിർത്തുകൊണ്ട് ലേഖനം പ്രസിദ്ധീകരിച്ചു. അത് അക്കാദമികകേന്ദ്രങ്ങളിൽ ചർച്ചാവിഷയമാവുകയും കോടതിക്ക് വിധി തിരുത്തേണ്ടിവരുകയും ചെയ്തു. 1956, 1963, 1973 വർഷങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ട പാകിസതാൻ ഭരണഘടനയിൽ സുന്നത്തിനെ ആധികാരിക സ്രോതസ്സായി ഉൾപ്പെടുത്തിയതിൽ മൗലാനാ മൗദൂദിയുടെ ശ്രമങ്ങൾക്ക് അനൽപമായ പങ്കുണ്ട്.

### സുന്നത്തിന്റെ പ്രായോഗികത

മറുവശത്ത് ഹദീസ് വിമർശനത്തിന്റെ വാതായനങ്ങൾ അദ്ദേഹം തുറന്നിട്ടു. ഹദീസുകളുടെ ശക്തിദൗർബല്യങ്ങൾ നിശ്ചയിക്കാൻ പൂർവകാല പണ്ഡിതന്മാർ നിശ്ചയിച്ച മാനദണ്ഡങ്ങൾക്ക് പുറമേ അതിന്റെ ആശയം (ദിറായ) കൂടി പരിശോധിക്കേണ്ടതുണ്ടെന്ന് അദ്ദേഹം സമർഥിച്ചു. ഉള്ളടക്കം ഖുർആനികാശയത്തിനും ഇസ്‌ലാമിന്റെ ചൈതന്യത്തിനും നിരക്കാത്തതാണെങ്കിൽ ഉദ്ധരിച്ചവരുടെ പരമ്പര (സനദ്) മാത്രം നോക്കി സ്വഹീഹിൽ ഉൾപ്പെടുത്തരുതെന്ന് അദ്ദേഹം പറയുന്നു. ഖുർആനിലും ഹദീസിലും അഗാധജ്ഞാനവും അനന്യസാധാരണമായ ഗ്രഹണ ശേഷിയുമുള്ളവർക്ക് മാത്രമേ ഹദീസിന്റെ ദിറായ പരിശോധിച്ച് പ്രബലമാണോ അല്ലേ എന്ന് തീർച്ചപ്പെടുത്താൻ അവകാശമുള്ളൂ എന്നദ്ദേഹം ശഠിക്കുന്നു.

സുന്നത്തിന്റെ പ്രയോഗവത്കരണമാണ് മൗദൂദിയുടെ മറ്റൊരു പ്രധാന സംഭാവന. സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക ജീവിതത്തിൽ പ്രവാചകനിർദേശങ്ങൾ എങ്ങനെ പ്രായോഗികമാക്കാമെന്ന് അദ്ദേഹം വിശദീകരിച്ചു. മതം എന്നത് ആരാധനകളും ആചാരങ്ങളും മാത്രം ഉൾക്കൊള്ളുന്ന സ്വകാര്യ ഇടപാടാണെന്നും സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക കാര്യങ്ങളിൽ മതത്തിന് യാതൊരു പ്രവേശനവുമില്ലെന്നുമുള്ള പാശ്ചാത്യ വീക്ഷണം മുസ്‌ലിം ജനസാമാന്യത്തിൽ മാത്രമല്ല പണ്ഡിതന്മാരിൽ പോലും സ്വാധീനം ചെലുത്തിയ ഒരു കാലഘട്ടത്തിലാണ് മൗലാനാ മൗദൂദിയുടെ വിപ്ലവകരമായ നിലപാട് ചർച്ചചെയ്യപ്പെട്ടത്. ദീനും ദുൻയാവും വേർതിരിക്കുന്ന പാശ്ചാത്യ ചിന്താഗതിക്കെതിരെ പോരാടിക്കൊണ്ടാണ് മൗലാനാ മൗദൂദി സുന്നത്തിന്റെ പ്രാധാന്യവും പ്രസക്തിയും ഉയർത്തിപ്പിടിച്ചത്. ■